കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഓഡിറ്റ് റിപ്പോർട്ട്
# മാള ഗ്രാമപഞ്ചായത്ത്

2015-2016

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ
e-mail: dotsr.ksad@kerala.go.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി4)1907/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

ഫോൺ നം.0487 2331249.

ഇ-മെയിൽ:dotsr.ksad@kerala.gov.in
തിയ്യതി:11.11.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മാള ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മാള ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

.........

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാള ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം- 2 ലെ 2-1 ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

പകർപ്പ് :

1)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി4)1907/16 തിയ്യതി:11-11-2016

## തൃശ്ശൂർ ജില്ലയിലെ മാള ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മാള ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22-7-2015 മുതൽ 13-10-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവയും 2015-16 ലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പിൻവലിക്കലുകളും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രാധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്ന

ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ. യു. ചേക്കുട്ടി,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.10.2016 മുതൽ<br>20 .10.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.റസിയബീവി. ജെ<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ബേബി. പി. വി.<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സ്റ്റാൻലിൻ. പി. എസ്<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.സോന. കെ. സത്യൻ<br>ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി.ഇന്ദിര ശിവരാമൻ | 01.04.15മുതൽ<br>31.10.15 വരെ |
| | പി.കെ സുകുമാരൻ | 12.11.15 മുതൽ<br>31.03.16 വരെ<br>(12.11.16 വരെ ഒഴിവ് ) |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | കെ.എൻ. ബാലൻ | 1.04.15 മുതൽ<br>25.07.2015വരെ |
| | മീര എൻ. മേനോൻ | 25-7-15 എ.എൻ. മുതൽ<br>3.09.2015വരെ |

| | | |
|---|---|---|
| | പി.എസ്. ശ്രീകാന്ത് | 4.09.15മുതൽ 14.09.2015വരെ (ഇൻ ചാർജ്ജ്) |
| | എസ്. കൃഷ്ണകുമാരി | 15.09.15മുതൽ 31.3.2016 വരെ |
| അസി.എഞ്ചിനീയർ | ശ്രീ.റാഷി.പി.ആർ. | 1.04.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ.ജോർജ്ജ് പ്രശാന്ത്. | 1.04.2015മുതൽ 31.03.2016വരെ |
| ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്. കുണ്ടൂർ | ശ്രീ.ബാലകൃഷ്ണൻ.കെ.കെ. | 1.04.2015മുതൽ 18.05.2015വരെ |
| ഹെഡ്മിസ്ട്രസ് , ജി.എൽ.പി.എസ്. കുണ്ടൂർ | എം.ആർ കോമളവല്ലി | 19.05.15 മുതൽ 31.3.2016വരെ |
| വെറ്ററിനറി സർജൻ | ഡോ.മനോജ്.എം.ഐ | 1.04.2015മുതൽ 31-5-2015 വരെ |
| | രാഗി രാജൻ. എം | 1.06.2015മുതൽ 31.3.2016വരെ |
| ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | ശ്രീമതി.സിൽവി.കെ.ഡി. | 1.04.2015മുതൽ 31.3.2016 വരെ |
| സൂപ്രണ്ട് സി.എച്ച്.സി, മാള. | ഡോ.പി.എസ്.ആശ | 1.4.2015 മുതൽ 31.3.2016 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.സ്വപ്ന ചന്ദ്രൻ | 1.04.2015മുതൽ 31.3.2016വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ശ്യാമള.കെ.കെ | 1.04.2015മുതൽ 27.05.2015വരെ |
| | ഡോ. ബീന സക്കറിയ | 28.05.15 മുതൽ 31.3.2016 വരെ |
| വി.ഇ.ഒ.(മാള) | ശ്രീമതി.വഹീതബീബി. പി.എ. | 1.4.2015 മുതൽ 31.3.2016 വരെ |
| വി.ഇ.ഒ.(അഷ്ടമിച്ചിറ) | ശ്രീമതി.മൈമൂനത്ത്.കെ.എം. | 1-4-2015 മുതൽ 6-10-16 വരെ |
| | ശ്രീമതി.വഹീതബീബി. പി.എ. | 7-10-15 മുതൽ 6-1-2016 എഫ്. എൻ. വരെ |
| | ജയശ്രീ. എം. ജി | 6-1-16 മുതൽ 31-3-2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ശ്രീകാന്ത്.പി.എസ് | 1.4.2015 മുതൽ 31.3.2016 വരെ |
| ഡയറിഫാം ഇൻസ്ട്രക്ടർ | വിധു. വി. എസ്. | 1-4-2015 മുതൽ 31-3-2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം- 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | അനുബന്ധപത്രികകൾ | 1-11 |
| 12 | ഓഡിറ്റ് ഇംപാക്റ്റ് | 1-12 |
| | ഭാഗം- 2 | |
| 13 | നിലം നികത്ത് ഭൂമിയിൽ കെട്ടിട നിർമ്മാണാനുമതി സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 2-1 |
| | ഭാഗം – 3 | |
| 14 | വിവാഹ ധനസഹായം (എസ്. സി) അപേക്ഷകൾ സമയപരിധിക്കുള്ളിൽ സമർപ്പിക്കുന്നില്ല. | 3-1 |
| 15 | ആരോഗ്യസേന രൂപീകരണവും രോഗ പ്രവർത്തനവും -മാർഗ്ഗരേഖയ്ക്ക് വിരുദ്ധം. | 3-2 |
| 16 | വനിത വ്യവസായ പ്ലോട്ടിൽ പുതിയ കെട്ടിട നിർമ്മാണം – നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 3-3 |
| 17 | ബില്ലിൽ കുറവ് ചെയ്ത് അടവാക്കിയ ആദായനികുതി ചലാനുകൾ ഹാജരാക്കിയിട്ടില്ല. | 3-4 |
| 18 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ -നോൺ അവൈയ് ലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. | 3-5 |
| 19 | തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ- കരാറിൽ ഏർപ്പെട്ടിട്ടില്ല. | 3-6 |
| 20 | തെരുവ് വിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 3-7 |
| 21 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3-8 |
| 22 | ജലനിധി പ്രൊജക്റ്റ് | 3-9 |
| 23 | പഞ്ചായത്തിന്റെ സ്ഥലം അന്യാധീനപ്പെടാതെ സംരക്ഷിക്കേണ്ടതാണ്. | 3-10 |
| 24 | കുരുവില്ലശ്ശേരി വില്ലേജിലെ വനിതാ ഹോസ്റ്റൽ | 3-11 |

| | | |
|---|---|---|
| | പ്രവർത്തിക്കാത്തത് | |
| | ഭാഗം - 4 | |
| 25 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 26 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 28 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 30 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 32 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4-8 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 35 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 11-3-2015 തിയ്യതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് 15,81,42,262 രൂപയും ചെലവ് 14,96,02,800 രൂപയുമാണ്. റിവൈസ്ഡ് ബജറ്റ് 10-3-16 ലെ 4(1) തീരുമാനപ്രകാരം അംഗീകരിച്ചു.

| 2015-16 ലെ ബജറ്റ് പാസാക്കിയ നം./ തിയ്യതി | ബജറ്റ് (പുതുക്കിയത്) |
|---|---|
| 1-ാം നമ്പർ തീരുമാനം/ 11.03.2015 | 4(1)നമ്പർ തീരുമാനം/10.03.2016 |

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തിയ്യതി |
|---|---|---|
| 2015 - 2016 | 31/07/16 | 29/07/16 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1- ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

1.നാളിതുവരെ സൃഷ്ടിക്കപ്പെട്ട ആസ്തി ബാദ്ധ്യതകളുടെ മൂല്യനിർണ്ണയം നടത്തി വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

ഈ അപാകത 2014-15 സാമ്പത്തിക വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റിലും നിലനിൽക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 28197729.97 |
| വരവ് | 92243039.00 |
| ആകെ | 120440768.97 |
| ചെലവ് | 110592671.00 |
| നീക്കിയിരിപ്പ് | 9848097.97 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് | 2552791 | 9076135 | 11628926 | 11628926 | 0 | 0 |
| വികസന ഫണ്ട് എസ്.സി.പി | 2233831 | 4356509 | 6590340 | 5189575 | 1400765 | 0 |
| ടി.എസ്.പി | 8000 | 0 | 8000 | 0 | 8000 | 0 |
| ധനകാര്യകമ്മീഷൻ | 1570496 | 6761409 | 8331905 | 5278581 | 3053324 | 0 |
| ലോകബാങ്ക് | 3394566 | 2660001 | 6054567 | 31855107 | 2869460 | 0 |
| റോഡ് | 986872 | 4945746 | 5932618 | 5932618 | 0 | 0 |
| നോൺ റോഡ് | 542844 | 2320832 | 2863676 | 2863676 | 0 | 0 |
| ബി ഫണ്ട് | 0 | 37451209 | 37451209 | 37451209 | 0 | 0 |
| എം.എൻ.ആർ. ഇ.ജി. എസ് | 0 | 14837761 | 14837761 | 14832554 | 0 | 5207 |

കൺസോളിഡേറ്റഡ് ഫണ്ട്

| | അലോട്ട്മെന്റ് തുക | ചെലവ് | അലോട്ട്മെന്റ് ബാലൻസ് |
|---|---|---|---|
| വികസന ഫണ്ട് | 13153964 | 1672586 | 11481378 |

| | | | |
|---|---|---|---|
| എസ്.സി.പി | 9326765 | 4356509 | 4970256 |
| ടി.എസ്.പി | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ | 6160648 | 4508951 | 1651697 |
| ലോകബാങ്ക് | 2869460 | 2660001 | 209459 |
| റോഡ് | 6790000 | 4945746 | 1844254 |
| നോൺ റോഡ് | 3253000 | 2320832 | 932168 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 212 | 144 | 52 | 16 | 68 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 1657000 | 1097000 | 66.20 |
| വെറ്ററിനറി സർജൻ | 3 | 2 | 3745000 | 2495000 | 66.62 |
| മെഡിക്കൽ ഓഫീസർ CHC | 4 | 4 | 365000 | 349456 | 95.74 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 1 | 135000 | 100000 | 74.04 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 2 | 2 | 650000 | 650000 | 100 |
| വി.ഇ.ഒ | 14 | 8 | 5340000 | 3383000 | 63.35 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 14 | 10 | 4575368 | 3219470 | 70.37 |
| സെക്രട്ടറി | 20 | 10 | 4394731 | 2229064 | 50.72 |
| ഹെഡ്മാസ്റ്റർ, ഗവ. യു.പി.സ്കൂൾ | 6 | 5 | 1119437 | 732622 | 65.45 |
| അസി.എഞ്ചിനീയർ | 126 | 74 | 48379658 | 29020802 | 59.99 |

| | | | | | |
|---|---|---|---|---|---|
| അസി.സെക്രട്ടറി | 14 | 7 | 4199392 | 2100675 | 50.02 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 475276 | 475276 | 100 |

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം (-) | ശതമാനം (-) |
|---|---|---|---|---|
| നികുതി വരവുകൾ | 14449340 | 11523061 | 2926279 | 20 |
| നികുതി യേതര വരവുകൾ | 1038993 | 952460 | 86533 | .08 |
| മറ്റിനം | 599212 | 512435 | 86777 | 14 |
| ആകെ | 16087545 | 12987956 | 3099589 | 19 |

തനതു വരുമാനം സംബന്ധിച്ച് തയ്യാറാക്കിയ സ്കോർ കാർഡ് അനുബന്ധം 2- ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | ക്ഷേമപദ്ധതിയുടെ പേര് | 2015-16ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനം എടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാരമാർഗം |
|---|---|---|---|---|---|
| 1 | കർഷകതൊഴിലാളി പെൻഷൻ | 19 | 19 | 18 | |
| 2 | തൊഴിൽരഹിത വേതനം | 6 | 6 | 5 | |
| 3 | വിധവാപെൻഷൻ | 81 | 81 | 7 | |
| 4 | വികലാംഗപെൻഷൻ | 28 | 28 | 2 | |
| 5 | അവിവാഹിത പെൻഷൻ | 3 | 3 | 1 | |
| 6 | വാർദ്ധക്യകാല പെൻഷൻ | 558 | 558 | 139 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.10.2016-ാം തിയതി 3.30 pmന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 100137/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.08.16, 23.08.16 | 2016 ജൂലൈ | ലഭിച്ചിട്ടില്ല | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 4.12.2003 മുതൽ 20.12.2003 വരെ | 2003-2008 | 7.04.2014 | |

## 1-11 ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഓഡിറ്റ് സർട്ടിഫിക്കറ്റ്

## ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 നിലം നികത്ത് ഭൂമിയിൽ കെട്ടിട നിർമ്മാണാനുമതി -സർക്കാർ നിർദ്ദേശം പാലിച്ചില്ല

വടമ വില്ലേജ് 606 സർവ്വെ നമ്പറിൽ വാണിജ്യ ആവശ്യത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് 15.02.2016 ൽ റിസില & അസില ആലങ്ങാട്ടുക്കാരൻ അപേക്ഷ സമർപ്പിച്ചു. പൊസഷൻ സർട്ടിഫിക്കറ്റിൽ നിലം ആയി രേഖപ്പെടുത്തിയതിനാൽ അപേക്ഷ പരിഗണിക്കുവാൻ നിർവ്വാഹമില്ലെന്ന വിവരം 17.02.16 ൽ 1307/15 കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് ഉടമയെ അറിയിച്ചിട്ടുള്ളതാണ്. 31.03.2016 ലെ ഹൈക്കോടതി വിധിയിൽ, പരിശോധന നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. തുടർന്ന് 26.04.16 ൽ 247.90 ച.മീ. വാണിജ്യ ആവശ്യത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് പി-370/15-16 നമ്പറായി ആയി പെർമിറ്റ് നൽകി.

ഓഡിറ്റ് നിരീക്ഷണങ്ങൾ

1.കോടതി ഉത്തരവ്വ പ്രകാരം നടത്തിയ സെക്രട്ടറിയുടെ പരിശോധന റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

2.മുൻവശത്തെ 3 മീറ്റർ സ്ഥലത്ത് യാതൊരു നിർമ്മിതികളും അനുവദിക്കാൻ സാധിക്കാത്തതാണെന്നും ഡ്രോയിംഗ്സിൽ ഇതൊഴികെ KPBR ചട്ടങ്ങൾ പാലിച്ചിട്ടുണ്ടെന്നും രേഖകളുടെ ആധികാരികത പരിശോധിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണെന്നുമാണ് ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിരിക്കുന്നത്. കോടതി വിധിപ്രകാരവും അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും അനുമതി നല്കുന്നതായി സെക്രട്ടറി രേഖപ്പെടുത്തിയിരിക്കുന്നു.

3. പ്രസിഡന്റ്, മെമ്പർമാർ എന്നിവർ സ്ഥലപരിശോധന നടത്തിയതായി ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയെങ്കിലും പരിശോധന റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

4.നിലം നികത്ത് ഭൂമിയിൽ കെട്ടിട നിർമ്മാണ അനുമതി നൽകുമ്പോൾ, മറ്റൊരിടത്തും സ്വന്തമായി വീടില്ലാത്ത കുടുംബത്തിന് മാത്രമേ അനുമതി നൽകാവൂ എന്നും ആയതിന് 300 ചതുരശ്ര മീറ്ററിലധികം വിസ്തീർണ്ണം പാടില്ലാത്തതാണെന്നും 59655/ആർ.എ.1/08/തസ്വഭവ./23.9.2008 നമ്പർ സർക്കുലറിലൂടെ സർക്കാർ വ്യക്തമാക്കുന്നുണ്ട്.

5. കെട്ടിട നിർമ്മാണാനുമതി നൽകുമ്പോൾ കേരള ഭൂവിനിയോഗ ഉത്തരവ് പ്രകാരമുള്ള ജില്ലാ കളക്ടറുടെ അനുമതിയോ അല്ലെങ്കിൽ 2015 ലെ നെൽവയൽ തണ്ണീർത്തട നിയമം വകുപ്പ് 3 എ പ്രകാരമുള്ള ജില്ലാകളക്ടറുടെ ക്രമവൽക്കരിച്ച ഉത്തരവോ ഉണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

6.നിലം നികത്ത് ഭൂമിയിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ കെട്ടിട നിർമ്മാണാനുമതി നൽകുമ്പോൾ

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ 130/ആർ.എ 1/2016/ തസ്വഭവ തിയതി 19.04.16 സർക്കുലർ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. നിയമപരമായ എല്ലാ ഉത്തരവാദിത്തവും പൂർത്തീകരിച്ചാണ് അനുമതി നൽകിയിട്ടുള്ളതെന്ന് ഉറപ്പാക്കാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.



നിലം നികത്ത് ഭൂമിയിൽ കെട്ടിട നിർമ്മാണം

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിവാഹധനസഹായം (എസ്.സി) അപേക്ഷകൾ സമയ പരിധിക്കുള്ളിൽ സമർപ്പിക്കുന്നില്ല.

പ്രോജക്ട് നം. s0019/16

ബിൽ നം. 4/2015-16 dt.28.1.16. 400000/

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി.

വിവാഹ ധനസഹായത്തിനുള്ള അപേക്ഷകൾ വിവാഹത്തിന് 15 ദിവസം മുൻപോ വിവാഹം കഴിഞ്ഞ് 90 ദിവസത്തിനകമോ സമർപ്പിച്ചിരിക്കണം എന്ന് ജി.ഒ.(എം.എസ്.) 362/13 ത.സ്വ.ഭ.വ.16.11.13. സർക്കാർ ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. 2015-16 വർഷത്തിൽ 8 ഗുണഭോക്താക്കൾക്ക് 50000/ രൂപ വിതം നൽകിയിട്ടുണ്ട്.വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പേരും വിലാസവും | വിവാഹ തിയ്യതി | അപേക്ഷ തിയ്യതി |
|---|---|---|
| ജയന്തി സജീവൻ<br>പാണ്യാലക്കൽ, മാള | 8.2.15 | 27.9.15 |
| അമ്പിളി എം.കെ.<br>മണന്തറ, മാള | 29.3.15. | 28.9.15 |
| രുഗ്മണി വേലായുധൻ<br>ചെർപ്പണത്ത്,അണ്ണലൂർ | 21.3.15 | 1.10.15. |
| പത്മം കുട്ടൻ<br>പുത്തൻ വീട്,അഷ്ടമിച്ചിറ | 3.4.15. | 1.10.15 |

| | | |
|---|---|---|
| അംബിക എ.കെ.<br>പേരനാട്ടുപാടത്ത്,വടമ | 3.1.15 | 19.10.15 |
| ഷൈലജ ജയൻ<br>ചെറിയപറമ്പിൽ,അണ്ണല്ലൂർ | 27.9.14 | 12.10.15 |
| ഷൈലജ അയ്യപ്പൻ<br>ഇളംകറ്റിയിൽ, അഷ്ടമിച്ചിറ | 5.4.15. | 10.10.15. |

അപേക്ഷകൾ സമയ പരിധിക്കുള്ളിൽ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 ആരോഗ്യ സേന രൂപികരണവും രോഗപ്രവർത്തനവും - മാർഗ്ഗരേഖയ്ക്ക് വിരുദ്ധം.

പ്രോജക്ട് നം. S0027/16

ബിൽ നം. 25/2015-16 dt.20.3.16. ₹ 25000/

നിർവ്വഹണ ഉദ്യോഗസ്ഥൻ - സൂപ്രണ്ട്, സി.എച്ച്.സി. മാള.

മേൽ പ്രോജക്ട് പരിശോധിച്ചതിൽ പ്രോജക്ടിനോടൊപ്പം ഭക്ഷണം,വാഹന വാടക,സ്റ്റേഷനറി, റെമ്യൂനറേഷൻ തിരിച്ചറിയൽ കാർഡ് നിർമ്മാണം എന്നിവയുടെ ചെലവ് രേഖകളാണ് ഹാജരാക്കിയിട്ടുള്ളത്. സ.ഉ.(എം.എസ്) നം. 362/2013/ ത.സ്വ.ഭ.വ. തിയ്യതി 16.11.2013. പ്രകാരം ആരോഗ്യസേന രൂപികരണം പരാമർശിച്ചിട്ടില്ലാത്തതാണ്. (അനുബന്ധം -1 ഖണ്ഡിക 7-5) മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

## 3-3 വനിത വ്യവസായ പ്ലോട്ടിൽ പുതിയ കെട്ടിട നിർമ്മാണം - നിർമ്മാണം പൂർത്തികരിച്ചിട്ടില്ല.

പ്രോജക്ട് നം. - S0093/16

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

കൺവീനർ - റോസിലി. സി.എ.

എഗ്രിമെന്റ് നം. - 65/15-16 dt. 29.9.15.

M.B. No. - 63/15-16.

അടങ്കൽ -10 ലക്ഷം.

ട്രഷറി ബിൽ നം 52/2015-16 dt.31.3.16. ₹793054/ (പ്ലാൻ ഫണ്ട്)

ഡി.ഡി. നം.484529/ 31.3.16. ₹206946/ (തനത് ഫണ്ട്)

മേൽ പ്രോജക്ടിന്റെ ഫയൽ പരിശോധനയിൽ പൂർത്തീകരണ സംബന്ധിച്ച സാക്ഷ്യപത്രവും മോണിട്ടറിങ്ങ് സമിതി റിപ്പോർട്ടും ഹാജരാക്കിയിട്ടുണ്ട്. എന്നാൽ സ്ഥല പരിശോധനയിൽ നിർമ്മാണം പൂർത്തികരിച്ചിട്ടുള്ളതായി കണ്ടില്ല.

വാതിലുകൾ വച്ചിട്ടില്ല, ജനലുകൾ അടച്ചുറപ്പാക്കിയിട്ടില്ല.,വൈദ്യുതികരിച്ചിട്ടില്ല, കെട്ടിടത്തിന് പുറംഭാഗം തേപ്പ് നടത്തിയിട്ടില്ല, ഫ്ലോറിംഗ് ജോലി ചെയ്തിട്ടില്ല പെയിന്റിംഗ്, പ്ലബിംഗ് എന്നി ജോലികളും ചെയ്തിട്ടില്ല. നിലവിൽ കോൺക്രീറ്റിംഗ്, കട്ടിള, ജനൽ ഫ്രയിം എന്നി ജോലികൾ മാത്രമാണ് ചെയ്തിട്ടുള്ളത്. 10 ലക്ഷം രൂപ ചെലവ് ചെയ്തിട്ടും

കെട്ടിട നിർമ്മാണം പൂർത്തികരിക്കാതെ പാതിവഴിയിൽ ഉപേക്ഷിച്ചതിന് വിശദികരണം നൽകേണ്ടതാണ്. പൂർത്തീകരണ വിവരം ലഭ്യമാക്കുന്നതു വരെ ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 3-4 ബില്ലിൽ കുറവ് ചെയ്ത് അടവാക്കിയ ആദായ നികുതി ചലാനുകൾ ഹാജരാക്കിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികളിൽ ഫൈനൽ ബില്ലുകൾ പ്രകാരം വാറ്റ്, കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം, ആദായ നികുതി എന്നിവ കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ ആദായ നികുതി കുറവ് ചെയ്തതിന്റെ ചലാനുകൾ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ട് നം,പേര് | കൺവിനറുടെ പേര് | ബിൽ നം.,തിയതി, തുക | ആദായ നികുതി തുക |
|---|---|---|---|
| കുന്നപറമ്പ് കാവനാട് റോഡ്<br>ഫസ്റ്റ് മെറ്റലിംഗ്<br>s0050/16 | വെങ്കിടേശ്വരൻ | 30/15-16 dt.29.2.16.<br>305000 | 5755/ |
| കാവനാട് രാജിവ്ഗാന്ധി<br>റോഡ്<br>ഫസ്റ്റ് മെറ്റലിംഗ്<br>s0051/16 | അജിത്ത്.കെ.എം. | 28/15-16<br>29.2.16.<br>275213/- | 5193/ |
| ചക്കങ്ങാട് ലിങ്ക് റോഡ് മെറ്റലിംഗ്<br>s0052/16 | ഫ്രാൻസീസ് കെ.ജെ. | 29/15-16<br>dt29.2.16.<br>87350/- | 1648/- |
| വനിത വ്യവസായ പ്ലോട്ടിൽ സംഭരണ മുറി നിർമ്മാണം.<br>s0091/16 | ഉഷ ശിവൻ | 31/15-16. dt.29.2.16.<br>249447/- | 4707/- |
| പി.കെ.പരമേശ്വരൻ ഹാൾ നിർമ്മാണം<br>s0180/15 | കെ.കെ.രവി. | 32/15-16.<br>dt.29.2.16.<br>150000/- | 2830/- |
| കോച്ചിലി പാടം കോരൻപേരികുളം റോഡ് നിർമ്മാണം SO 147/16 | എ.ഐ ഈനാശു | 16/15-16 തി. 12.11.15<br>415106/- | 8648/- |
| | ആകെ | | 28,781/- |

ചലാനുകൾ ഹാജരാക്കുന്നതുവരെ 28,781/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ- നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

പ്രോജക്ട് നം. s00 36/15

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഹോമിയോ മെഡിക്കൽ ഓഫീസർ

തുക – 1,00,000/-

ബിൽ നം. തീ. 1/2015-16 / 16.1.2016.

മേൽ പ്രോജക്റ്റ് പ്രകാരം ഹോമിയോ ആശുപത്രിയിലേക്കാവശ്യമായ മരുന്നുകൾ ഡി.ഡി.നം. 483333/18.1.2016 പ്രകാരം (ഇൻവോയ്സ് നം.LF. 765/12.1.2016/18.5.2016) കേരള സ്റ്റേറ്റ് ഹോമിയോപ്പതി കോ-ഓപ്പറേറ്റീവ് ഫാർമസിയിൽ നിന്നും വാങ്ങിയിട്ടുണ്ട്. മരുന്നിനു വേണ്ടി 18-1-2016 ന് പണം നൽകിയെങ്കിലും 18-5-2016ലെ ഇൻവോയ്സ് പ്രകാരമാണ് മരുന്ന് ലഭിച്ചിട്ടുള്ളത്. മരുന്ന് ലഭിക്കുന്നതിന് കാലതാമസം വന്നിട്ടുണ്ട്. ആയതിനാൽ സ്ഥാപനവുമായി എഗ്രിമെന്റിൽ ഏർപ്പെട്ടതിനുശേഷം മാത്രം പണം കൈമാറുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ ഡിപ്പാർട്ട്മെന്റിൽ നിന്നും ആയതിന്റെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ- കരാറിൽ ഏർപ്പെട്ടിട്ടില്ല.

പ്രോജക്റ്റ്- തെരുവ് വിളക്കുകളുടെ ഉപകരണങ്ങൾ വാങ്ങൽ

നം. - 166/16
അടങ്കൽ – 6,50,000/-

നിർവ്വഹണം - സെക്രട്ടറി

ബിൽ നം. - 5/ 2016/ 7.8.15

ഡി.ഡി.നം.തീയതി 100292 / 10.8.2015

ഇൻവോയ്സ് നം. തീയതി 629/1.8.2015

- തുക 644249/-
    - സ.ഉ.(സാധ) നം. 1807/2014/ 14.7.14 തസ്വഭവ തീ പ്രകാരം തെരുവ് വിളക്ക് ഉപകരണങ്ങൾ ക്രൂസിൽ നിന്ന് വാങ്ങുന്നതിന്ന് നിർദ്ദേശിച്ചതിൻ പ്രകാരം അവ വാങ്ങുകയും സ്റ്റോക്കിൽ എടുത്ത് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ സാധനങ്ങൾ വാങ്ങുന്നതിന് മുൻപ് ക്രൂസുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. വ്യക്തമായ കരാർ നിബന്ധനകളോ, വാറന്റിയോ ഇല്ലാതെ ഉപകരണങ്ങൾ വാങ്ങിയതിനാൽ കേടുവന്നവ റിപ്പയർ ചെയ്യുന്നതിനോ പകരം പുതിയവ നല്കുന്നതിനോ ക്രൂസിൽ നിന്ന് നടപടികൾ സ്വീകരിച്ചിട്ടില്ല. ഇപ്രകാരം വാങ്ങൽ പ്രക്രിയ നടത്തുമ്പോൾ സ്ഥാപനവുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

## 3-7 തെരുവു വിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

വാർഡ് തിരിച്ച് തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച വ്യക്തമായ കണക്ക് പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. ആയതിനാൽ വിളക്കുകളുടെ ഉപയോഗം സംബന്ധിച്ച കൃത്യമായ കണക്ക് ലഭ്യമല്ല. റിപ്പയർ ആവശ്യമായ തെരുവ് വിളക്ക് അനുബന്ധ ഉപകരണങ്ങളുടെ എണ്ണം രേഖപ്പെടുത്തിയ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

## 3-8 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ടി പദ്ധതിക്കായി തൻ വർഷം 14832554 ചെലവഴിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം 4072 ആണ്. ഇതിൽ 1447 കുടുംബങ്ങൾക്ക് ആണ് തൊഴിൽ ലഭിച്ചിട്ടുള്ളത്. ഇതിൽ തന്നെ 100 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുള്ളത് 375 കുടുംബങ്ങൾക്ക് മാത്രമാണ്. തൻവർഷം അംഗീകാരം ലഭിച്ചത് 957 പദ്ധതികൾക്കും എന്നാൽ നടപ്പിലാക്കിയവ 257 ഉം പൂർത്തികരിച്ചവ 210 ആണ്.

## 3-9 ജലനിധി പ്രൊജക്റ്റ്

കേരള സർക്കാരിന്റെ ജലവിഭവ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന ഗ്രാമീണ ശുദ്ധജല പദ്ധതിയാണ് ജലനിധി. സർക്കാർ രൂപവൽക്കരിച്ച സ്വതന്ത്ര സ്ഥാപനമായ കേരള റൂറൽ വാട്ടർ സപ്ലൈ ആൻറ് സാനിട്ടേഷൻ എജൻസിയാണ്. ലോക ബാങ്ക് സഹായത്തോടെയുള്ള ജലനിധി പദ്ധതി നടപ്പിലാക്കുന്നതിന് കോഴിക്കോട് പാലക്കാട്, മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലകളിലായി 92 ഗ്രാമ പഞ്ചായത്തുകളിലാണ് 1999 ൽ ആദ്യഘട്ടം ആരംഭിച്ചത്. 2003 ൽ പദ്ധതി കേരളത്തിലെ മറ്റ് ജില്ലകളിലേക്കും വ്യാപിപ്പിച്ചു.

കുടിവെള്ള ക്ഷാമം പരിഹരിക്കുക, ജലത്തിന്റെ ഗുണ നിലവാരം ഉറപ്പു വരുത്തുക, ജല വിതരണ രംഗത്ത് ജന പങ്കാളിത്തം ഉറപ്പുവരുത്തുക, ആരോഗ്യ ശുചിത്വ ശീലങ്ങൾ വളർത്തിയെടുക്കുക തുടങ്ങിയ കാര്യത്തിൽ പദ്ധതി ലക്ഷ്യമാക്കുന്നു.

പദ്ധതി ആസൂത്രണം, രൂപകൽപ്പന നിർവ്വഹണം, ജല വിതരണം, സംരക്ഷണം, അറ്റകുറ്റ പണികൾ എന്നിവ ഗുണഭോക്താക്കളുടെ ചുമതലയാണ്.

ഈ സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി പഞ്ചായത്ത് 31028312 രൂപ ചെലവഴിച്ചിട്ടുണ്ട്.

എന്നാൽ പദ്ധതി എന്ന് പൂർത്തീകരിക്കുമെന്നോ പദ്ധതിയിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ എന്ത് സംവിധാനമാണ് ഉള്ളത് എന്നതിനെ കുറിച്ചെല്ലാം ഓഡിറ്റ് എൻക്വയറി 9 ലൂടെ ആരാഞ്ഞെങ്കിലും മറുപടി ലഭിക്കുകയുണ്ടായില്ല.

പഞ്ചായത്തിലെ വികസന പ്രവർത്തങ്ങൾക്ക് അർഹതപ്പെട്ട ഇത്രയും വലിയ തുക ഒരു പദ്ധതിക്കായി ചെലവഴിക്കുമ്പോൾ ആ പദ്ധതിയുടെ നടത്തിപ്പിനെ സംബന്ധിച്ച് പഞ്ചായത്തിന് യാതൊരു നിയന്ത്രണവും ഇല്ലായെന്ന് കാണുന്നു.

## 3-10 പഞ്ചായത്തിന്റെ സ്ഥലം അന്യാധീനപ്പെടാതെ സംരക്ഷിക്കേണ്ടതാണ്

അണ്ണല്ലൂർ വില്ലേജ് സർവ്വെ 445/16-17-18ൽപ്പെട്ട 49 സെൻറ് സ്ഥലം പഞ്ചായത്തിന്റെയാണെന്ന് കാണുന്നു. ഈ സ്ഥലം സംരക്ഷിക്കാൻ എന്ത് നടപടികൾ ആണ് പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ളതെന്ന് ഓഡിറ്റ് എൻക്വയറി 12 ലൂടെ ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭിക്കുകയുണ്ടായില്ല. എന്നാൽ 20/10/16ന് ഓഡിറ്റും ഭരണ സമിതി അംഗങ്ങളും പഞ്ചായത്ത് ജീവനക്കാരും കൂടി നടന്ന എക്സിറ്റ് മീറ്റിംഗിൽ ബഹുമാനപ്പെട്ട പഞ്ചായത്ത് പ്രസിഡൻറ് പ്രസ്തുത സ്ഥലം സംരക്ഷിക്കുവാൻ പഞ്ചായത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി.

## 3-11 കുറുവില്ലശ്ശേരി വില്ലേജിലെ വനിതാ ഹോസ്റ്റൽ പ്രവർത്തിക്കാത്തത്

പഞ്ചായത്ത് അധികൃതരുമായി ചേർന്ന് നടത്തിയ സ്ഥല പരിശോധനയിൽ വലിയപറമ്പിലെ വനിത ഹോസ്റ്റൽ കുറെക്കാലമായി പ്രവർത്തിക്കുന്നില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടു.

എന്താണ് ഹോസ്റ്റൽ പ്രവർത്തിക്കാതിരിക്കുന്നതിന്റെ കാരണം എന്നതിനെ കുറിച്ച് ഓഡിറ്റ് എൻക്വയറി 11 ലൂടെ ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭിക്കുകയുണ്ടായില്ല.

വ്യക്തമായ പഠനമോ ലക്ഷ്യമോ ഇല്ലാതെ പഞ്ചായത്തിന്റെ പണം ഉപയോഗിച്ച് കെട്ടിടങ്ങൾ നിർമ്മിക്കുകയും പിന്നീട് ഉപയോഗിക്കാതെ പൂട്ടിയിടുകയും ചെയ്യുന്നത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള അനാസ്ഥയാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.പ്രസ്തുത കെട്ടിടം പഞ്ചായത്തിന്റെ മറ്റേതെങ്കിലും ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ സാധിക്കുമെങ്കിൽ അതിനായി ശ്രമിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | | | |
| 2014-15 | 325760 | ഭിന്നശേഷി സ്കോളർഷിപ്പ് | 187200 | 138560 |
| 2014-15 | 296003 | അനുപൂരക പോഷകപരിപാടി | 174765 | 121238 |

| | | | | |
|---|---|---|---|---|
| | | | | |
| | | | | 259798 |
| ബ്ലോക്ക് പഞ്ചായത്ത് 2015-16 | 72000 | ഭിന്നശേഷി സ്കോളർഷിപ്പ് | 72000 | 0 |
| ജില്ലാപഞ്ചായത്ത് | | | | |
| 2013-14 | 1000000 | ഫുഡ്കോർട്ട് | 974624 | 25376 |
| 2013-14 | 422380 | ഗ്രാമ വെളിച്ചം | 0 | 422380 |
| ആകെ | | | | 447756 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ/ വിനിയോഗം/ വീഴ്ച്ചകൾ എന്നിവയുടെ വിവരം

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 9338973 |
| തൻവർഷം നിക്ഷേപിച്ച തുക | 7513200 |
| ആകെ | 16852173 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 1438977 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 15413196 |

2015-16 വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| | സ്ഥിരനിക്ഷേപത്തിന്റെ വിവരം, തീയതി | തുക |
|---|---|---|
| 1 | 8000 812 4046/28-2-16 | 57976 |
| 2 | 8000 827 4604/3-10-15 | 1385891 |

| | | |
|---|---|---|
| 3 | 8000 5694394/16-3-16 | 2370994 |
| 4 | 8000 569 4418/16-3-16 | 2370994 |
| 5 | 8000 569 4429/16-3-16 | 1185497 |
| 6 | 8000 651 7404/20-10-15 | 2724892 |
| 7 | 8000 754 6218/25-10-15 | 521690 |
| 8 | 8000 910 4437/3-3-16 | 100000 |
| | | 15413196 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ/തിയതി |
|---|---|---|---|---|
| 2007-08 | ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 2007-08, ഖണ്ഡിക 2-2 ബി | 225 | പോൾ സി | 11503107485/29.02.16 |
| 2012-13 | ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 2012-13, ഖണ്ഡിക 2-4 | 1950 | ആന്റു പി.കെ | 11503100414/27.04.15 |
| 2012-13 | ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 2012-13 | 1500 | പി.ഐ ഫ്രാൻസിസ് | 11503100486/2.05.15 |
| 2013-14 | ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 2013-14 | 306 | ഏലമ്മ ജേക്കബ്ബ് | 11503103847/19.11.15 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, | സമാഹൃത റിപ്പോർട്ട് | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|

| | | | |
|---|---|---|---|
| ഖണ്ഡിക നം | വർഷം, ഖണ്ഡിക നം | | |
| 1999-2000 | 2003-2004/ ഖണ്ഡിക 3(8)10 | | റവന്യൂ റിക്കവറിക്ക് കത്ത് നൽകിയിട്ടുണ്ട് |
| | 2011-12 / ഖണ്ഡിക 3.3.6.1 | | ലഭ്യമായ സമയത്ത് അംഗൻവാടി കെട്ടിടം പണിയുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട് |
| | 2013-14 / ഖണ്ഡിക 6.2.3 | | ഡെപ്പോസിറ്റ് ഇനത്തിൽ നിന്നും വാടക ഇനത്തിലേക്ക് വരവുവെയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

## 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3) പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാർട്ടേഡ് അക്കൗണ്ടന്റിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ആശുപത്രി കളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച വർഷം / തീയ്യതി | വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിച്ചതിന്റെ വിവരം | | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച വിവരം | ചാർട്ടേഡ് അക്കൗണ്ടന്റ് ഓഡിറ്റ് ചെയ്ത വാർഷിക കണക്കിന്റെ വിവരം | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | വർഷം | തീയ്യതി | | | | |
| 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| ഗവ.ആയുർവേദ ഡിസ്പെൻസറി , അഷ്ടമിച്ചിറ | | 2012-13 2013-14 2014-15 2015-16 | | നടത്തിയിട്ടില്ല | | | |
| കെ.കരുണാകരൻ സ്മാരക കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, മാള | 12/12/1996 | 2014-15 | 29/03/2016 | | കെ.എസ്.എ.ടി.എസ്.ആർ (എസ്.2) 471/16 | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| ഗവ.ഹോമിയോ ഡിസ്പെൻസറി , മാള | 9.02.2009 | | | 27.5.16 (A.G Audit) | | | |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 992243039 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 110592671 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1153781 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം – ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 25000 | ആശ പി.എസ്. മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 3-5 | 100000 | ഡോ. ബീന സക്കറിയ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 3-3 | 1000000 | റാഷി പി.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | 28781 | റാഷി പി.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |

# 4-10 തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|

| | | |
|---|---|---|
| 96-97 | എൽ.എഫ്.ടി.പി.12-465/98/26.9.98 | |
| 97-98<br>ചെലവ് | എൽ.എഫ്.ടി.പി.13-1108/99/18.3.00 | |
| 97-98<br>വരവ് | എൽ.എഫ്.ടി.13-1597/01<br>/17.4..02/2.8.02 | |
| 98-99<br>ചെലവ് | എൽ.എഫ്.ടി.13- -345/00/13.2.00 | |
| 98-99<br>വരവ് | എൽ.എഫ്.ടി.13-1596/01/<br>17.4.02/2.8.02 | |
| 99-00 | എൽ.എഫ്.ടി..13-1379/02/7.5.03 | |
| 2000-01 | എൽ.എഫ്.ടി..13-1657/01/3.3.02 | |
| 01-02 | എൽ.എഫ്.ടി.13-1355/06/3.1.06 | |
| 01-02<br>പ്ളാൻ | എൽ.എഫ്.ടി.13-1529/04/1.7.04 | |
| 02-03 | എൽ.എഫ്.ടി.(പി.4)51/14/<br>14.3.14/3.7.14 | 6 |
| 03-04 | | 10 |
| 04-05 | | 14 |
| 05-06 | | 9 |

| | | |
|---|---|---|
| 06-07 | | 6 |
| 07-08 | എൽ.എഫ്.ടി.പി.4-1903/11/31.12.11 | |
| 08-09 | എൽ.എഫ്.ടി.പി4/1904/12/ 31.12.11/09.03.12 | |
| 09-10,10-11 | എൽ.എഫ്.ടി.പി4-1905/12/ 18.02.13/16.07.13 | |
| 11-12 | എൽ.എഫ്.ടി.പി4/1415/ 13/ 10.03.14/02.05.14 | |
| 12-13 | എൽ.എഫ്.ടി.പി4/1719/ 14/ 4.2.15/10.2.15 | |
| 13-14 | കെഎസ്എ ടിഎസ്ആർ(പി4) 1195/15 /15.10.15/21.10.15 | |
| 14-15 | ടിഎസ്ആർ(പി4) 1210/16/22.07.16 | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

## അനുബന്ധം 1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്